പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **T 2129** 18-07-2016 ൽ മറുപടിക്ക്

## കായിക വിദ്യാഭ്യാസമേഖലയുടെയും കായികാദ്ധ്യാപകരുടെയും പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ എം.രാജഗോപാലൻ** | **ശ്രീ. സി.രവീന്ദ്രനാഥ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ കായിക വിദ്യാഭ്യാസമേഖലയും കായികാദ്ധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. ഓരോ വർഷവും തസ്തിക നിർണ്ണയം നടത്തുമ്പോൾ കായികദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ലാത്ത സ്കൂളുകളിൽ ക്ലബിംഗ് അടിസ്ഥാനത്തിൽ അദ്ധ്യാപകന്റെ സേവനം വിട്ട് നൽകാറുണ്ട്. അധികമായുള്ള കായികാദ്ധ്യാപകരുടെ സേവനം 2 ഉം 3 ഉം സ്കൂളുകളിലായി ക്ലബിംഗ് അടിസ്ഥാനത്തിൽ നടത്താറുമുണ്ട്. |
| ബി) കായിക മത്സരങ്ങൾക്ക് കാലാ മത്സരങ്ങളിലേതു പോലെ ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായം ആവിഷ്കരിക്കുമോ; | ബി) കലാമത്സരങ്ങളിലെപ്പോലെ കായിക മത്സരങ്ങൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. |
| സി) കെ.ഇ.ആർ. പ്രകാരം കായികാദ്ധ്യാപക തസ്തിക നിർണ്ണയിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വിശദമാക്കാമോ; | സി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII-ലെ വ്യവസ്ഥകൾ പ്രകാരമാണ് യു.പി. വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലും കായികാദ്ധ്യാപക തസ്തികകൾ അനുവദിച്ചുവരുന്നത്. |

........2/

ഡി) രാഷ്ട്രീയ മാദ്ധ്യമിക്‌ശിക്ഷാ അഭിയാൻ കലാകായിക അദ്ധ്യാപക നിയമനത്തിനും പഠനങ്ങൾക്കുമുള്ള തുക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും അത് ചെലവഴിക്കാതിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിൽ ആവശ്യമായ തുക ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ;

ഡി) 2015-2016, 2016-2017 സാമ്പത്തിക വർഷങ്ങളിൽ ആർ എം എസ് എ പദ്ധതിയിൽ കലാ കായിക അദ്ധ്യാപക നിയമനത്തിന് തുക വകയിരുത്തിയിട്ടില്ല. എന്നാൽ പ്രാദേശിക കലകളുടെ പരിപോഷണം ലക്ഷ്യമാക്കി ആർ.എം.എസ്.എ. ദേശീയ തലത്തിൽ കലോത്സവം സംഘടിപ്പിക്കുകയും ആയതിനുള്ള പരിശീലനം നൽകുന്നതിനും കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുമായി 2015-2016 സാമ്പത്തികവർഷം 10 ലക്ഷം രൂപ വകയിരുത്തുകയും 8.78 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തു. 2016-2017 സാമ്പത്തികവർഷത്തെ പദ്ധതികളിൽ കലാമത്സരത്തിനായി 11 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ കായികപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി കായിക പഠനകിറ്റുകൾ നൽകുന്നതിനു പദ്ധതിയിൽ 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഇ) ഹൈസ്കൂളിൽ ജോലി ചെയ്യുന്ന കായികാദ്ധ്യാപകർക്ക് യു.പി.സ്കെയിലിൽ ശമ്പളം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് ഹൈ-സ്കൂൾ അദ്ധ്യാപകരുടെ സ്കെയിലിൽ ശമ്പളം പരിഷ്കരിച്ച് ഉത്തരവാകുമോ എന്ന് വ്യക്തമാക്കുമോ?

ഇ) കായികാദ്ധ്യാപകർ അടങ്ങുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കെല്ലാം പ്രൈമറി സ്കൂൾ അസിസ്റ്റന്റ് ടീച്ചറുടെ ശമ്പള സ്കെയിലാണ് നിർണ്ണയിച്ചിട്ടുള്ളത്. യു പി വിഭാഗമായാലും ഹൈസ്കൂൾ വിഭാഗമായാലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കെല്ലാം ഒരേ ശമ്പള സ്കെയിൽ ആയതിനാൽ കായികാദ്ധ്യാപകർക്കു മാത്രമായി ശമ്പളസ്കെയിൽ ഉയർത്തി നൽകാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ